

തായ്‌വാനിൽ മനഷ്യഭ്രൂണം ഭക്ഷണമാക്കുന്നത് സംബന്ധിച്ച് ഇന്റർനെറ്റിൽ വന്ന ചിത്രങ്ങളിൽ നിന്ന്.

# മനുഷ്യഭ്രൂണം ഭക്ഷണമാക്കുന്നു; കണ്ണികൾ കേരളത്തിലും

അഡ്വ. ആർ. സജു

നവജാതശിശുക്കളും മനുഷ്യഭ്രൂണവും മറുപിള്ള (പ്ലാസന്റ) യും മനുഷ്യന് രുചികരമായ വിലയേറിയ ഭക്ഷണമായി മാറുകയാണോ? കഴിഞ്ഞ മാസം പലരുടേയും ഇമെയിൽ ബോക്സുകളിൽ ഇതു സംബന്ധിച്ച കുറേ ചിത്രങ്ങൾ എത്തുകയുണ്ടായി. തായ്‌വാനിലെ കടകളിൽ സംസ്കരിച്ച് വെച്ചിരിക്കുന്ന നവജാത ശിശുക്കളേയും ഭ്രൂണങ്ങളുടേയും, അത് വാങ്ങിക്കൊണ്ടുപോകുന്നവരുടെ, അത് കഴുകി അരിയുന്നതിന്റെ, തീൻമേശയിലേക്ക് കൊണ്ടുപോകുന്നതിന്റെ, കടിച്ചുതിന്നുന്നതിന്റെയൊക്കെ ചിത്രങ്ങൾ. തയ്‌വാനിലെ കടകളിൽ ഇതിന് 50 മുതൽ 70 വരെ ഡോളറുകൾ വിലയുണ്ട് എന്നും, നിങ്ങൾക്ക് അറിയാവുന്ന ഇ-മെയിൽ വിലാസങ്ങളിലേക്ക് മെയിൽ ചെയ്യണമെന്നും ഉള്ളതല്ലാതെ മറ്റ് എന്തെങ്കിലും വിവരമോ ചിത്രത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള സൂചനകളോ ഇതോടൊപ്പം ഉണ്ടായിരുന്നില്ല.

കമ്പ്യൂട്ടർ ഉപയോഗിച്ച് ഇതുപോലെയുള്ളതും ഇതിലും ഭീകരവുമായ ചിത്രങ്ങൾ അനായാസം സൃഷ്ടിക്കാൻ കഴിയും. ഒരു ക്രിത്രിമചിത്രം എന്ന നിഗമനത്തിൽ എത്തി തള്ളി കളയുന്നതിനുമുമ്പ്, ഇതിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് അറിയാൻ എന്റെ പരിമിതമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഒരു അന്വേഷണം നടത്തുകയുണ്ടായി. ചിത്രങ്ങളിൽ കണ്ടതിനേക്കാൾ അതിഭീകരമായ വിവരങ്ങളാണ് ലഭിച്ചത്.

1995ൽ ഹോങ്‌കോങ്ങിൽ നിന്നും ഇറങ്ങുന്ന 'ഈസ്റ്റ് വീക്ക്' എന്ന പത്രം മനുഷ്യഭ്രൂണം ഭക്ഷണമാക്കുന്നതിനെക്കുറിച്ച് ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ചൈനീസ് നഗരമായ ഷെൻസിനിലാണ് ഭ്രൂണവിൽപ്പനയും ഭ്രൂണതീറ്റയും നടക്കുന്നതായി പത്രം റിപ്പോർട്ട് ചെയ്തത്. ഷെൻസ് നഗരത്തിൽ ആശുപത്രികളിൽ പ്രതിവർഷം ഏഴായിരത്തിൽ അധികം ഗർഭഛിദ്രങ്ങൾ നടക്കുന്നുണ്ട്. ഗർഭഛിദ്രം നടത്തുന്ന ഡോക്ടർമാർക്ക് ഇത് ഇഷ്ടപ്പെട്ട വിഭവമാണ്. അവരുടെ ആവശ്യം കഴിഞ്ഞവയാണ് വിൽപ്പനക്ക് വെക്കുന്നത്. ഒരു മുഷ്ടിയുടെ വലിപ്പമുള്ള ഭ്രൂണത്തിന് ഏകദേശം രണ്ട് പൗണ്ട് വിലവരും. മറുപിള്ളക്ക് ഇതിൽ നിന്നും വിലകുറവും.

ഗർഛിദ്രത്തിനുപോലും മതപരമായെതിർപ്പുള്ള യൂറോപ്യൻ രാജ്യങ്ങളിലും ഭ്രൂണവും മറുപിള്ളയും ഭക്ഷണമായി ഉപയോഗിക്കുന്നവർ ഉണ്ടെന്നു പറയപ്പെടുന്നു. സമ്പന്നരുടെ ഇടയിലാണ് ഇതിനു പ്രചാരം കൂടുതൽ. മയക്ക് മരുന്ന് വിൽക്കുന്നതു പോലെ രാജ്യാന്തരബന്ധങ്ങൾ ഉള്ള മാഫിയകളാണ് ഈ കച്ചവടത്തിന്റെ പിന്നിൽ. ബ്രിട്ടണിലെ 1991ലെ ഹ്യൂമെൻ ഫെർട്ടിലൈസേഷൻ ആന്റ് ഇബ്രിയോളജി ആക്ട് പ്രകാരം ഭ്രൂണവും മറുപിള്ളയും ശേഖരിക്കാൻ നിയമപരമായ തടസ്സമുണ്ട്. സൗന്ദര്യലേപനങ്ങൾ ഉണ്ടാക്കാൻ എന്ന വ്യാജേന വിദേശത്തുനിന്നും അവിടേക്ക് കടത്തിക്കൊണ്ടുവരികയാണ് പതിവ്.

ഏറ്റവും കൂടുതൽ പ്രസവവും ഗർഭഛിദ്രവും നടക്കുന്ന ഇന്ത്യയാണ് ഈ മാഫിയകളുടെ ഏറ്റവും വലിയ സംഭരണ കേന്ദ്രം. 1972 മുതൽ ഇന്ത്യയിൽ ഗർഭഛിദ്രം നിയമവിധേയമാക്കി. നിയമപ്രകാരം നടക്കുന്ന ഗർഭഛിദ്രങ്ങൾക്ക് പുറമേ പ്രതിവർഷം 60 ലക്ഷത്തിൽ അധികം അനധികൃത ഗർഭഛിദ്രം നടക്കുന്നതായി ദേശീയ വനിതാ കമ്മീഷന്റെ മുൻ അദ്ധ്യക്ഷ ജയന്തി പട്നായിക് വെളിപ്പെടുത്തിയിരുന്നു. ഇതിൽ നിന്നും ഭ്രൂണം എത്ര മാത്രം ലഭ്യമാണ് എന്ന് അനുമാനിക്കാവുന്നതേയുള്ളൂ.

മെഡിക്കൽ ടെർമിനേഷൻ

(ശേഷം മൂന്നാം പേജിൽ)

**1994 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്സ്. എ. റ്റി ആശുപത്രിയിൽനിന്നും തൈക്കാട് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും മനുഷ്യഭ്രൂണം വിലക്ക് വാങ്ങി കയറ്റുമതി ചെയ്തിരുന്നു. സംസ്ഥാന സർക്കാർ മാസ്റ്റർ എക്സിം എന്ന കമ്പനിക്ക് ഇത് ചെയ്യുന്നതിനുവേണ്ടി ഔദ്യോഗികമായ അനുമതിയും നൽകിയിട്ടുണ്ട്. ഇത് ശേഖരിക്കുന്നതിനുവേണ്ടി രണ്ട് ഭീമൻ ശീതീകരണികൾ രണ്ട് ആശുപത്രിയിലും കമ്പനി സ്ഥാപിച്ചു.**

# മനുഷ്യഭ്രൂണം : കണ്ണികൾ കേരളത്തിലും

(ഒന്നാം പേജ് തുടർച്ച)

ഓഫ് പ്രഗ്നൻസി ആകട്ടിലോ, ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗാൻസ് ആകട്ടിലോ, മറുപിള്ളയും (പ്ലാസന്റ) ഗർഭപാത്രം നടത്തി എടുക്കുന്ന ഭ്രൂണവും ക്രയവിക്രയം നടത്തുന്നത് തടഞ്ഞുകൊണ്ടുള്ള വകുപ്പുകൾ ഒന്നുംതന്നെ ഇല്ല. ഈ പഴുതുകളിലൂടെയാണ് നിയമപരമായിത്തന്നെ ഇതിന്റെ കച്ചവടവും കയറ്റുമതികളും നടക്കുന്നത്.

1994 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്സ്. ജി. റ്റി ആശുപത്രിയിൽനിന്നും തൈക്കാട് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും ഇവ വിലക്ക് വാങ്ങി കയറ്റുമതി ചെയ്യിരുന്നു. സംസ്ഥാന സർക്കാർ മാസ്റ്റ് എക്സിം എന്ന കമ്പനിക്ക് ഇത് ചെയ്യുന്നതിനുവേണ്ടി ഔദ്യോഗികമായ അനുമതിയും നൽകിയിട്ടുണ്ട്. ഇത് ശേഖരിക്കുന്നതിനുവേണ്ടി രണ്ട് ഭീമൻ ശീതികരണികൾ രണ്ട് ആശുപത്രിയിലും കമ്പനി സ്ഥാപിച്ചു. അതിനുവേണ്ടിയുള്ള വൈദ്യുതി ചെലവും കമ്പനി തന്നെ വഹിച്ചു. സൗന്ദര്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കാൻ ഇറ്റലിയിലേക്ക് കയറ്റുമതി ചെയ്യുന്നതിനുവേണ്ടിയാണ് എന്ന് കമ്പനി അപ്പോൾ വിശദീകരണവും നൽകിയിരുന്നു.

സ്വാഭാവികമായും ഉണ്ടാവുന്ന സംശയം ഒരു വ്യവസായിക അസംസ്കൃതപദാർത്ഥമായാണ് ഇതിന്റെ ഉപയോഗമെങ്കിൽ, ചിലവേറിയ വിധത്തിൽ ശീതീകരണിയിൽ സൂക്ഷിക്കേണ്ട കാര്യമില്ല. ഫോർമാലിൻ പോലുള്ള ദ്രാവകങ്ങളിൽ സുരക്ഷിതമായി കേട് കൂടാതെ സൂക്ഷിക്കാനാവും. അത് മാത്രമല്ല ഇന്ന് ഉപയോഗിക്കുന്ന ഏതെങ്കിലും സൗന്ദര്യലേപനങ്ങളിൽ ഭ്രൂണവും പ്രാസന്റയും ഉപയോഗിച്ച് നിർമ്മിക്കുന്നതായും അറിയാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു ഞെട്ടിക്കുന്ന വിവരം പാകം ചെയ്ത ഭക്ഷണങ്ങളിൽ വെജിറ്റേറിയൻ ഭക്ഷണങ്ങളിൽ വരെ രുചി വർദ്ധനവിനുവേണ്ടി ഉപയോഗിക്കുന്ന അജിനോമോട്ടോകൾ പോലുള്ള വസ്തുക്കൾ പ്ലാസന്റയിൽ നിന്നും ഭ്രൂണത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നു എന്നാണ്.

സിഹം സിഹത്തെ തിന്നില്ല, പുലി പുലിയേയും തിന്നില്ല. മനുഷ്യൻ മനുഷ്യനെ തിന്നുന്നു, രുചിക്കുവേണ്ടി മാത്രം!